എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി വന്നവർ മുന്ന കൊല്ലത്തോളം സേവനം ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള 1960 വരെയുള്ള എല്ലാ അദ്ധ്യാപകന്മാരേയും സ്ഥിരപ്പെടുത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വിദ്യാഭ്യാസഡിപ്പാർട്ടമെൻറിലുള്ള അദ്ധ്യാപകന്മാരുടെ സേവനവ്യവസ്ഥ ഈ അദ്ധ്യാപകന്മാക്കും ബാധകമാക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ ചെയ്യണമെന്നാണുദ്ദേശിക്കുന്നത്. ആ അടിസ്ഥാനത്തിലാണ് പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന എല്ലാ നിയമനങ്ങളും നടത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളത്.

Mr. Speaker : Question No. 8. An identical question has already been answered.

ആർ. ഠി. എ. ആഫീസുകളിലെ കാലതാമസം.

* 425. [9] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആർ. ഠി. എ. ആഫീസുകളിൽ. ഓരോ കാര്യങ്ങളും നടക്കുന്നതിനു താരതമ്യേന വളരെ കൂടുതൽ കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ടെന്നു കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിനു് എന്തെങ്കിലും സത്വര നടപടികളും കൈക്കൊള്ളുമോ ;

(സി) ആർ. ഠി. എ. ആഫീസുകളോടനുബന്ധിച്ചു് ഒരു വിജിലൻസ് വിഭാഗം സംഘടിപ്പിക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മുൻ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഇതിൻറെ ആവശ്യമില്ല.

ശ്രീ. സി. എ. മാത്യു : സർ, നമ്മുടെ നാട്ടിൽ ഇതു പരക്കെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ആർ. ടി. എ. ആഫീസുകളിൽ കാര്യങ്ങൾ നടക്കുന്നതിനു കാലതാമസവും ബുദ്ധിമുട്ടുംഉണ്ടെന്നും മറിച്ചു എന്തെങ്കിലുംപാരിതോഷികം കൊടുത്താൽ കാര്യങ്ങൾ വേഗത്തിൽ സാധിക്കുമെന്നും ഈ വക കാര്യങ്ങൾ ഒരു സാധാരണസംഭവമെന്ന നിലയിൽ നടക്കുന്നതു ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുന്നില്ലാ എന്നും പറയുന്നതു കേൾക്കുമ്പോൾ ഗവണ്മെൻറിനു പഞ്ചേന്ദ്രിയങ്ങൾ ഉണ്ടെന്നു വിചാരിക്കാമോ?

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെൻറിനു പഞ്ചേന്ദ്രിയങ്ങളില്ല. ഇങ്ങനെ ഓരോ കാര്യങ്ങൾ സാധിക്കുന്നതിനും വളരെ കാലതാമസമുണ്ടെന്നും ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടെന്നും ഗവണ്മെൻറിനു പരാതികൾ കിട്ടീട്ടില്ലാ എന്നാണു പറഞ്ഞതു്. പരാതിയുണ്ടെങ്കിൽ ഉടനെ തന്നെ അതേപ്പറ്റി അന്വേഷണം നടത്തുന്നതാണ്. മറിച്ചു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ആഫീസുകളിൽ ആവശ്യമായ വിവരങ്ങൾ ഇല്ലാതെയിരിക്കുന്നതുകൊണ്ടു കാര്യങ്ങൾ തീരുമാനം എടുക്കുന്നതിനു കാലതാമസം വരും. ചില കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനു ആവശ്യമായ വിവരങ്ങൾ പോരാതെ വരും. അതുകൊണ്ടു് ആ വിവരങ്ങൾകൂടി തരണമെന്നു പറഞ്ഞു ആവശ്യപ്പെടാറുണ്ടു്. ഇങ്ങനെ വാഹനങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു് ജോലിക്കൂടുതൽ വന്നിട്ടുള്ളതിനെ പരിഗണിച്ചു എല്ലാ ആഫീസുകളിലും കൂടുതൽ ഉദ്യോഗസ്ഥന്മാരെ കൂടുതലായി വച്ചിട്ടുണ്ടു്. പാർട്ടികൾതന്നെ ആവശ്യമായ വിവരങ്ങൾ മുൻകൂട്ടി തരികയാണെങ്കിൽ അതവർക്കു സഹായമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി : മോട്ടോർ വാഹനങ്ങളുടെ ഉടമസ്ഥന്മാർ ഈ ആഫീസുകളിലെ ഉദ്യോഗസ്ഥന്മാർക്ക് ഏതെങ്കിലും പാരിതോഷികം കൊടുത്താൽ കാര്യങ്ങൾ നടക്കുന്നതിനു യാതൊരു കാലതാമസവും വരികയില്ല എന്നുള്ളതു പരക്കെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. ആ കാര്യം കുറെ ദിവസങ്ങൾക്കു മുമ്പു ഈ അസംബ്ലിയിൽത്തന്നെ ഒരു മെമ്പർ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു ഈ വക കാര്യങ്ങൾ ഗവണ്മെന്റു ശ്രദ്ധിക്കുകയും അതു ഇല്ലായ്മ ചെയ്യുന്നതിനു ഓരോ ആഫീസിലും ഉത്തരവാദപ്പെട്ട ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്യുന്ന കാര്യം ഗവണ്മെന്റു ആലോചിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഓരോ ആഫീസുകളിലും സി. ഐ. ഡി-യെ നിയമിക്കുകയല്ല വേണ്ടതു്. കാര്യങ്ങൾ നടക്കുന്നതിനു ആവശ്യമായ വിവരങ്ങൾ ആഫീസിൽ കൊടുക്കുകയും അതിനുശേഷം കാര്യങ്ങൾ സാധിക്കുന്നതിനു് ആരെങ്കിലും എന്തെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ അതേ സംബന്ധിച്ചുള്ള വിവരങ്ങൾ ഗവണ്മെന്റിനെ പ്രത്യേകമായി അറിയിക്കുകയും ചെയ്താൽ അവരെ പിടിക്കാൻ വേണ്ട ഏർപ്പാടു ചെയ്യാം.

ശ്രീ. ഈ. പി. ഗോപാലൻ : ആർ. ടി. ഏ. ആഫീസുകളെ സംബന്ധിച്ചു പ്രത്യേകമായിട്ടും, എല്ലാ ആഫീസുകളിലുംതന്നെ ലൈസൻസുകൾ എടുക്കുന്നതിനും എടുത്തിട്ടുള്ളവതന്നെ പുതുക്കുന്നതിനുമൊക്കെ ഈ ആർ. ടി. ഏ. മാരുടെ ആഫീസുകളിൽ അയയ്ക്കേണ്ടതാണു്. അതു ഇന്ന കാലാവധിക്കുള്ളിൽ വേണമെന്നുമെല്ലാമുണ്ടു്. അതിനുള്ളിൽ തന്നെ ഈ നടത്തേണ്ട കാര്യങ്ങൾ നടത്തിക്കിട്ടീട്ടില്ലെങ്കിൽ പല വൈഷമ്യങ്ങളും ഉണ്ടെന്നുള്ളതിനെ പരിഗണിച്ചു ഒരു നിശ്ചിതതീയതിക്കുതന്നെ അതു ആഫീസുകളിൽനിന്നും ചെയ്തുകൊടുക്കുന്നതിനു സാധിച്ചിട്ടില്ലാ എന്നു പൊതുവായ രീതിയിലെങ്കിലും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ആക്ഷേപങ്ങൾ പെട്ടിട്ടുണ്ടോ; അതില്ലെങ്കിൽ അങ്ങനെയുള്ള ആക്ഷേപങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുവാനുള്ള വഴിയെന്താണു്?

ശ്രീ. കെ. ടി. അച്യുതൻ ; കാലതാമസം ഉണ്ടായിട്ടുണ്ടെന്നു ബോദ്ധ്യമുള്ള കാര്യങ്ങളിൽ അതു കക്ഷികൾതന്നെ ഇത്രയും കാലതാമസം ഉണ്ടായിട്ടുണ്ടെന്നു ഗവണ്മെൻറിനെ അറിയിച്ചുകഴിഞ്ഞാൽ അതേപ്പറ്റി അന്വേഷിക്കാം. ഇപ്പോഴത്തെ ഇന്നയിന്ന കാര്യങ്ങൾക്കു ഇത്ര ദിവസത്തിനകം തീരുമാനം എടുത്തുകഴിഞ്ഞിരിക്കണമെന്നും അതിനാവശ്യമായ വിവരങ്ങൾ തന്നിട്ടുള്ളതു പോരാ എന്നുണ്ടെങ്കിൽ ആ വിവരം ഉടനെതന്നെ ബന്ധപ്പെട്ട കക്ഷികളെ അറിയിക്കണമെന്നുമുണ്ടു്. അതനുസരിച്ച വിവരങ്ങൾ നൽകാൻ കക്ഷികൾതന്നെ രണ്ടാഴ്ച താമസിച്ചാൽ രണ്ടാഴ്ച കഴിഞ്ഞു വിവരങ്ങൾ ആഫീസിൽ കിട്ടിയാൽ ആ രണ്ടാഴ്ച പിന്നെയും കാലതാമസം വരുകയാണു്. ഇന്നയിന്ന കാര്യങ്ങൾക്കു ഇന്ന ദിവസത്തിനകം തീരുമാനമുണ്ടാക്കണമെന്ന ചട്ടമുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ആർ. ടി. ഏ. ആഫീസുകളിൽ കൈക്കൂലി ധാരാളം നടക്കുന്നുണ്ടെന്നു ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ തന്നെ പറയുകയുണ്ടായി. ബസ്സു് ഉടമകളിൽനിന്നും കൈക്കൂലി ലഭിക്കാതെ ന്യായമായി കാര്യങ്ങൾ തീരുമാനിക്കുന്നതിനു കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാക്കുന്നു എന്നു് പരാതികൾ ഉണ്ടായിരിക്കെ അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു പറയുകയും ഞങ്ങൾതന്നെ അതുഗവണ്മെൻറിന്റെ അടുത്തു പറഞ്ഞിട്ടും അതിനു ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കാൻ കഴിയുന്നില്ലെന്നും വന്നാൽ അതു സംബന്ധിച്ചുണ്ടാകുന്ന ഫലം പിന്നേയും കൈക്കൂലി നാളെമുതൽ കൂടിക്കൂടി മുന്നോട്ടു പോകും എന്നുള്ളതാണു്. അതുകൊണ്ടു തുടർച്ചയായി ഇതിനെപ്പറ്റി പരാതിയുണ്ടായിരിക്കുകയും ഞങ്ങൾതന്നെ പരാതി ഉണ്ടെന്നു പറയുകയും ചെയ്യുമ്പോൾ അങ്ങനെയുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു ഉടനെ അന്വേഷണം നടത്തിയില്ലെങ്കിൽ അതു മറുകുറി ചാടാൻ കാരണമായിത്തീരും. എന്തായി നിങ്ങൾ എം. എൽ. ഏ. മാർ കൂടി പരാതി പറഞ്ഞിട്ടു എന്നു ചോദിക്കാനിടവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അന്വേഷണത്തിന്റെ കുറവല്ല. അന്വേഷിച്ചാൽ അതേപ്പറ്റിയുള്ള വിവരങ്ങളും കിട്ടുന്നില്ല. ഗവണ്മെന്റിനു നടപടിയെടുക്കണമെന്നുണ്ടെങ്കിൽ അതേപ്പറ്റിയുള്ള വിവരങ്ങളും കിട്ടണം. അതിനുവേണ്ടി പൊതുജനങ്ങളും എം. എൽ. എ. മാരും സഹകരിച്ചു പ്രവർത്തിക്കേണ്ടതാണു്. കൈക്കൂലി വാങ്ങിക്കുന്നു എന്നു പറയുന്നതല്ലാതെ കൈക്കൂലി ഇന്നയാൾ കൊടുക്കാൻ ശ്രമിച്ചു, ഇന്നയാൾ വാങ്ങിക്കാൻ ശ്രമിച്ചു എന്നുള്ള വിവരം രഹസ്യമായിട്ടു തന്നാൽ തീർച്ചയായും അവരെ കണ്ടുപിടിക്കാൻ വലവയ്ക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇന്നു ഗവണ്മെന്റിന്റെ പല ഡിപ്പാർട്ടുമെന്റുകളിലും വിജിലൻസ് കമ്മിറ്റികളും വച്ചിട്ടുള്ളതുപോലെ ആർ. ടി. എ. ആഫീസുകളിലും വിജിലൻസ് കമ്മറ്റികളെ വയ്ക്കാൻ എന്താണു പ്രയാസം,

ശ്രീ. കെ. ടി. അച്യുതൻ : അതു ചെറിയ ആഫീസുകളാണു്. ചെറിയ ആഫീസുകളിൽക്കൂടി വിജിലൻസുകമ്മറ്റികളും വയ്ക്കുക എന്നു വച്ചാൽ അതു ബുദ്ധിമുട്ടാണു്. ഏറെ കൈക്കൂലിയും മറ്റും ഉണ്ടെങ്കിൽ അതു ചെയ്യാം.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : പല ദിക്കുകളിലും ഈ ആഫീസുകളിൽനിന്നു കാര്യങ്ങളും സാധിച്ചുകൊടുക്കുന്നതിനു കുറെ ഏജന്റന്മാരുണ്ടു്. മന്ത്രിമാർതന്നെ ഒന്നു അന്വേഷിച്ചാൽ ഈ ആളുകളെ കണ്ടുപിടിക്കാം. അങ്ങനെ ഉണ്ടെന്നുകണ്ടാൽ അവരുടെ പേരിൽ നടപടി എടുക്കുമോ :

ശ്രീ. കെ. ടി. അച്യുതൻ : ഞാൻതന്നെ ഒന്നരണ്ടു കൊല്ലങ്ങൾക്കു മുമ്പു ഇതേസംബന്ധിച്ചു രഹസ്യമായ നിലയിൽ അന്വേഷിച്ചു. എന്നാൽ പുറത്തുനിന്നു ഒരു വിവരവും കിട്ടിയിട്ടില്ല. ഞാൻ ഒരാളിനോടു വിവരം നൽകിയാൽ മതി അന്വേഷണം നടത്താം എന്നു പറഞ്ഞു. അങ്ങനെ വിവരം തരാം എന്നു പറഞ്ഞതുമാത്രം. പിന്നെ ആ ആളിനെ കണ്ടിട്ടില്ലാ.

Mr. Speaker : Question No. 10 An identical question has already been answered.

എസ്. എസ്. എൽ. സി. പരീക്ഷാരീതിയിൽ വരുത്തുന്ന മാറ്റം.

* 426. [11] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷം മുതൽ സ്റ്റേറ്റിലെ എസ്. എസ്. എൽ. സി. പരീക്ഷാരീതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തു മാറ്റമാണു് വരുത്തുവാൻ ഉദ്ദേശിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) 1962–63–ൽ പുതിയ സിലബസ് നടപ്പാക്കി, പുതിയ സിലബസ് നിർദ്ദേശിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും 1964–ലെ പരീക്ഷ നടത്തുന്നതു്. സിലബസിൽ വരുത്തിയ മാറ്റങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

ശ്രീ. ഇ. പി. ഗോപാലൻ : സിലബസും അതിനെ തുടർന്നു പരീക്ഷാരീതിയിലും മാറ്റംവരുത്തുന്ന പരിതഃസ്ഥിതിയിൽ ആക്കാര്യം ഈ നിയമസഭയുടെ മുമ്പാകെ ഒരു ചർച്ചയ്ക്കു വയ്ക്കാൻ ഗവണ്മെന്റു തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ഈ സിലബസ് മാറ്റുകയും പരിഷ്ക്കരിക്കുകയും ഒക്കെ ചെയ്യുന്നതിനു പ്രത്യേകമായി ഒരു മെഷീനറിയുണ്ടു്. അതു നിയമസഭയിൽ ചർച്ചയ്ക്കു വയ്ക്കുന്ന പതിവില്ല.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly